# കേരള കാർഷിക സർവ്വകലാശാല
## ജില്ലാ കാർഷിക കാലാവസ്ഥ യൂണിറ്റ്
## കൃഷി വിജ്ഞാന കേന്ദ്രം, പാലക്കാട്

ഫോൺ: 0466 2212279 ഇമെയിൽ: kvkpalakkad@kau.in


## കാർഷിക കാലാവസ്ഥ ഉപദേശക ബുള്ളറ്റിൻ
## പാലക്കാട് ജില്ല

**കേരള കാർഷിക സർവ്വകലാശാലയുടെയും ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിന്റെയും പാലക്കാട് ജില്ല കാർഷിക കാലാവസ്ഥ യൂണിറ്റിന്റെയും കേരള കൃഷിവകുപ്പിന്റെയും** സഹകരണത്തോടെ തയ്യാറാക്കുന്നത്.

**എ.എ.എസ്. 53/2021 (ചൊവ്വാഴ്ച)** **തീയ്യതി: 06.07.2021**

**അടുത്ത 5 ദിവസത്തെ കാലാവസ്ഥ പ്രവചനം**

| കാലാവസ്ഥാ ഘടകങ്ങൾ | 07.07.2021 | 08.07.2021 | 09.07.2021 | 10.07.2021 | 11.07.2021 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ ) | 2 | 5 | 7 | 6 | 4 |
| ഉയർന്ന താപനില (°C) | 33 | 33 | 33 | 33 | 33 |
| കുറഞ്ഞ താപനില (°C) | 25 | 25 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 97 | 97 | 97 | 97 | 97 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 65 | 65 | 65 | 65 | 65 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/ മണിക്കൂർ) | 8 | 10 | 10 | 12 | 14 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 250 | 270 | 250 | 270 | 270 |
| മേഘവ്യാപ്തി (ഒക്റ്റ) | 7 | 8 | 8 | 8 | 8 |

ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിൻറെ പ്രവചനമനുസരിച്ചു ജില്ലയിൽ വരും ദിവസങ്ങളിൽ നേരിയ മഴയ്ക്ക് സാധ്യത . കൂടിയ താപനില 33°C വരെയും കുറഞ്ഞ താപനില 25°C വരെയും പ്രതീക്ഷിക്കുന്നു.

**പൊതു നിർദ്ദേശങ്ങൾ**: മഴ മറകളിലും പോളി ഹൗസുകളിലുമുള്ള അമിത ജലാംശം രോഗ സാധ്യത കൂട്ടുന്നതിനാൽ നിയന്ത്രിതമായ അളവിൽ നന തുടരുന്നതാണ് ഉചിതം.

**കാർഷിക നിർദ്ദേശങ്ങൾ**

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| കൂർക്ക | നടീൽ | ജൂലൈ - ഒക്ടോബർ മാസങ്ങൾ കൂർക്ക നടുന്നതിനു വളരെ യോജിച്ചതാണ്. നടുന്നതിനാവശ്യമായ വള്ളികൾ ലഭിക്കുന്നതിന് കിഴങ്ങുകൾ നഴ്സറികളിൽ വളർത്താം. ഒരു ഏക്കറിന് 68 മുതൽ 80 കിലോ വിത്ത് വേണ്ടി വരും. നിലം ഉഴുതോ കിളച്ചോ 15 മുതൽ 20 സെ മി ആഴത്തിൽ പാകപ്പെടുത്തണം. പിന്നീട് 30 സെ മീ അകലത്തിൽ ചെറിയ വരമ്പുകളോ 60 മുതൽ 90 സെ മീ വീതിയുള്ള തടങ്ങളോ തയ്യാറാക്കണം. നടീൽ സമയത്തു സെന്റ് ഒന്നിന് 40 കിലോ ജൈവവളം ചേർത്ത് കൊടുക്കണം. |

| | | |
|---|---|---|
| നെല്ല് | ബാക്റ്റീരിയൽ ഓലകരിച്ചിൽ രോഗം | ഞാറ്റടിയിൽ ബാക്റ്റീരിയൽ ഓലകരിച്ചിൽ രോഗം കാണാൻ സാധ്യതയുള്ളതിനാൽ മുൻകരുതലായി 20 ഗ്രാം പച്ചച്ചാണകം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. ഞാറു പറിച്ചു നടുമ്പോൾ ഞാറുകൾ സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കിയ ലായനിയിൽ മുക്കി വച്ച ശേഷം നടുക. രോഗം അധികരിക്കുകയാണെങ്കിൽ 2 ഗ്രാം സ്ട്രെപ്റ്റോസൈക്ലിൻ 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിച്ച് കൊടുക്കുക. ഞാറു പറിച്ചു നട്ടതിനു ശേഷം നെൽപ്പാടങ്ങളിൽ ബാക്റ്റീരിയൽ ഓലകരിച്ചിൽ രോഗം ശ്രദ്ധയിൽപ്പെട്ടാൽ ഒരു ഏക്കറിന് 2 കിലോഗ്രാം ബ്ലീച്ചിങ് പൗഡർ കിഴികെട്ടി പാടത്തെ വെള്ളക്കെട്ടിൽ ഇട്ടുകൊടുക്കുക. |
| ജാതി | ഇലകൊഴിച്ചിൽ രോഗം | മഴക്കാലത്തു ജാതിയിൽ ഇലകൊഴിച്ചിൽ രോഗം വരൻ സാധ്യതയുള്ളതിനാൽ മുൻകരുതലായി 1% വീര്യമുള്ള ബോർഡോ മിശ്രിതം തളിച്ച് കൊടുക്കുക. |
| വാഴ | തടതുരപ്പൻ വണ്ട് | തടതുരപ്പൻ വണ്ടിനെതിരെ വാഴത്തട കഷണങ്ങളിൽ ബ്യൂവേറിയ പുരട്ടി കൃഷിയിടത്തിൽ പല ഭാഗങ്ങളിൽ വച്ച് കെണികൾ ഒരുക്കുക. ഗുരുതരമായ ആക്രമണമാണെങ്കിൽ ക്ലോർപൈറിഫോസ് (2.5 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ) അല്ലെങ്കിൽ ക്വിനാൽഫോസ് (2 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ) ഇലക്കവിളുകളിൽ തളിച്ചുകൊടുക്കുക. |